**പതിനാലാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 544 29.01.2019-ലെ മറുപടിയ്ക്ക്

**<u>ഒളിമ്പിക്സിൽ പങ്കെടുക്കുന്ന കായികതാരങ്ങൾക്ക് വീടും സ്ഥലവും</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി.കെ.ശശീന്ദ്രൻ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | ഒളിമ്പിക്സിൽ പങ്കെടുക്കുന്ന കായികതാരങ്ങൾക്ക് വീടും സ്ഥലവും നൽകണമെന്ന് ആവശ്യപ്പെട്ട് ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; | (എ) | ഒളിമ്പിക്സിൽ പങ്കെടുക്കുന്ന കായികതാരങ്ങൾക്ക് വീടും സ്ഥലവും നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മാനുവൽ ഫെഡറിക്, ഒളിമ്പ്യൻ ഗോപി എന്നീ രണ്ട് പേരുടെ അപേക്ഷകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിൽ ലഭിച്ചിട്ടുണ്ട്. മാനുവൽ ഫെഡറികിന് 20,00,000/-രൂപ 2015-16 വർഷത്തെ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | വയനാട് ജില്ലയിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ലഭിച്ച അപേക്ഷയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) & (സി) | 2016-ൽ നടന്ന റിയോ ഒളിമ്പിക്സിൽ പങ്കെടുത്ത ശ്രീ.ഒളിമ്പ്യൻ ഗോപിക്ക് വീടും സ്ഥലവും അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു അപേക്ഷ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് വരികയാണ്. |
| (സി) | ഇത്തരത്തിലുള്ള കായികതാരങ്ങൾക്ക് വയനാട് ജില്ലയിൽ ഭൂമി നൽകുന്നതുമായി ബന്ധപ്പെട്ട് കായിക വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞുകൊണ്ട് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അതിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | | |
| (ഡി) | ഇത്തരത്തിലുള്ള അപേക്ഷയിന്മേൽ അഭിപ്രായം നൽകുന്നതിൽ | | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

| | | | |
|---|---|---|---|
| | കാലതാമസം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഉണ്ടെങ്കിൽ ആയതിന് ഉത്തരവാദികളായവരുടെ പേരിൽ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ